**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് I ആയ ശ്രീ പി.എൻ.രാജഗോപാലിന് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.2929/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.11.2018

---

പരാമർശം:- 1. ശ്രീ പി.എൻ.രാജഗോപാൽ സമർപ്പിച്ച 24.06.2015 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.08.2015, 10.10.2018 തീയതികളിലെ ഇ 17-7649/2015/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

3 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.03.2018 ലെ MR4/38598/2017/DHS നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ ഓവർസിയർ ഗ്രേഡ് I ആയ ശ്രീ പി.എൻ.രാജഗോപാൽ. ടിയാന്റെ ഭാര്യയുടെ ചികിത്സയ്ക്ക് തൃശ്ശൂരിലെ വെസ്റ്റ് ഫോർട്ട് ഹൈടെക്ക് ഹോസ്പിറ്റലിൽ ചിലവായ ₹4,37,850/- രൂപ(നാല് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി എണ്ണൂറ്റി അൻപത് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ. പി.എൻ.രാജഗോപാലിന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക ₹2,99,310/- രൂപ(രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി മുന്നൂറ്റി പത്ത് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ ഒന്നാംതരം ഓവർസിയർ ആയ ശ്രീ പി.എൻ. രാജഗോപാലിന്റെ ഭാര്യയുടെ ചികിത്സയ്ക്ക് തൃശ്ശൂരിലെ വെസ്റ്റ് ഫോർട്ട് ഹൈടെക്ക് ഹോസ്പിറ്റലിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 2,39,448/- രൂപ (രണ്ട് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി നാന്നൂറ്റി നാല്പത്തി എട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത് വി.പി.**

അണ്ടർ സെക്രട്ടറി

1. ശ്രീ പി.എൻ. രാജഗോപാൽ, ഓവർസിയർ ഗ്രേഡ് I (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (17-04-2018 ലെ 794572/L3/190/2018 നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.